# Desabhimani
# 27 August 2018
# Kochi, Flood Victims, Distributed Food

## കോപ്റ്റർവഴി നൽകിയത് 2 ലക്ഷം ഭക്ഷണപ്പൊതി

**കൊച്ചി**

പ്രളയക്കെടുതി അതിരൂക്ഷമായ 17, 18, 19 തിയതികളിൽ ജില്ലയിലെ വിവിധ തുരുത്തുകളിൽ ഒറ്റപ്പെട്ടുപോയവർക്ക് വായുമാർഗം വിതരണംചെയ്തത് രണ്ടു ലക്ഷത്തിലധികം ഭക്ഷണപ്പൊതികൾ. നാവിക▯വ്യോമ സേനകളുടെ അഞ്ച് ഹെലികോപ്റ്ററുകളാണ് ഭക്ഷണപ്പൊതികളുമായി വിവിധ ഭാഗങ്ങളിലേക്ക് പറന്നത്. മണിക്കൂറിൽ ശരാശരി 10,000 ഭക്ഷണപ്പൊതികൾ വിതരണം ചെയ്തു. ഭക്ഷണം തയ്യാറാക്കി കൃത്യസമയത്ത് നേവൽ ബേസിലെത്തിച്ച ഹോട്ടൽ ആൻഡ് റസ്റ്റോറന്റ് അസോസിയേഷൻ ജില്ലാ കമ്മറ്റിയെയും മറ്റു സന്നദ്ധ സംഘടനകളെയും കലക്ടർ കെ മുഹമ്മദ് വൈ സഫീറുള്ള അഭിനന്ദിച്ചു.